Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

No. KITE/2024/1515-13 (7) തീയതി : 05.09.2024

**സർക്കുലർ**

വിഷയം:- **കൈറ്റ് - ഹൈടെക് സ്കൂൾ പദ്ധതി - സർക്കാർ, എയ്ഡഡ്, ഹൈസ്കൂൾ, ഹയർ സെക്കന്ററി-വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകൾക്ക് നൽകിയ മൾട്ടിമീഡിയ പ്രൊജക്ടറുകളുടെ കേടുപാടുകൾ പരിഹരിക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:- 1. സ.ഉ.(സാധാ) നം. 165/2018 പൊ.വി.വ. തീയതി 10.01.2018.

2. കൈറ്റിന്റെ 25.08.2023 ലെ KITE/2023/1515-13(2) നമ്പർ സർക്കുലർ.

ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായി സർക്കാർ, എയ്ഡഡ്, ഹൈസ്കൂൾ, ഹയർസെക്കന്ററി-വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിൽ കൈറ്റ് വിതരണം ചെയ്ത Acer/ BenQ പ്രൊജക്ടറുകളുടെ 5 വർഷ വാറണ്ടി അവസാനിച്ചതിനെത്തുടർന്ന് 2023 സെപ്റ്റംബർ 1 മുതൽ ഒരു വർഷത്തേക്ക് (31.08.2024) AMC (Annual Maintenance Contract) ഏർപ്പെടുത്തിയിരുന്നത് പുതിയ ടെണ്ടർ നടപടികൾ പൂർത്തിയാകാത്തതിനാൽ **2024 സെപ്റ്റംബർ 13, 5 PM** വരെ AMC ദീർഘിപ്പിച്ചിട്ടുണ്ട്. അതിനാൽ പ്രസ്തുത പ്രൊജക്ടറുകൾ ശരിയായി പ്രവർത്തിക്കുന്നില്ലെങ്കിൽ kite.kerala.gov.in/support എന്ന പോർട്ടലിൽ Login for AMC എന്ന ലിങ്ക് മുഖേന സ്കൂൾ പ്രഥമാധ്യാപകർ പരാതി രജിസ്റ്റർ ചെയ്യേണ്ടതാണ്. പരാതി ഓൺലൈനിൽ രേഖപ്പെടുത്തുന്നത് സംബന്ധിച്ച വിശദാംശങ്ങൾ പോർട്ടലിലെ user manual ൽ വ്യക്തമാക്കിയിട്ടുണ്ട്. അതിന് ഏതെങ്കിലും വിധത്തിലുള്ള സാങ്കേതിക പ്രയാസം നേരിടുന്നവെങ്കിൽ കൈറ്റിന്റെ അതത് ജില്ലാ ഓഫീസിലോ കോൾ സെന്ററിലോ (18004256200) ബന്ധപ്പെടേണ്ടതാണ്.

**കെ. അൻവർ സാദത്ത്**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർസെക്കൻഡറി/
വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂൾ പ്രഥമാധ്യാപകർക്കും (ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ - അറിവിലേയ്ക്ക്
എല്ലാ ആർ.ഡി.ഡി/ എ.ഡി.മാർക്കും
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും
കൈറ്റിലെ എല്ലാ ജില്ലാകോർഡിനേറ്റർമാർ/മാസ്റ്റർ ട്രെയിനർമാർക്കും
സ്റ്റോക് ഫയൽ